ഉത്തരം

(എ) ഉണ്ട്. ജലഗതാഗത സംവിധാനം ആധുനികവൽക്കുന്നതിന്റെ ഭാഗമായി കൊച്ചിതേവരയാർഡിൽ 38 ലക്ഷം രൂപ മുടക്കി ആധുനിക രീതിയിലുള്ള സ്ലിപ്-വേ പണിയുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനമായ സിൽക്ക് ജലഗതാഗത വകുപ്പിനു വേണ്ടി ആധുനിക രീതിയിലുള്ള ഒരു സ്റ്റീൽ ബോട്ടിന്റെ നിർമ്മാണം നടത്തി വരുന്നു. ബോട്ട് ലഭിച്ചാലുടൻ സർവ്വീസിന് നൽകുന്നതാണ്.

(ബി) നിലവിലുള്ള പഴക്കം ചെന്ന ബോട്ടുകൾ മാറ്റി പുതിയ ബോട്ടുകൾ സർവ്വീസിലിറക്കുന്നതിന്റെ ഭാഗവായി 1998-2000-ത്തിൽ മൂന്നു പുതിയ ബോട്ടുകൾ സർവ്വീസിലിറക്കിയിട്ടുണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ഇന്റർസിറ്റി എക്സ്പ്രസ് തൃശ്ശൂരിലേയ്ക്ക് നീട്ടുന്നതിന് നടപടി.

66 (1040)ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവന്തപുരം-എറണാകുളം (ആലപ്പുഴ വഴി) ഇന്റർസിറ്റി എക്സ്പ്രസ് തൃശ്ശൂരിലേയ്ക്ക് നീട്ടുന്നതിന് കേന്ദ്രത്തിനോട് ആവശ്യപ്പെടുമോ?

ഉത്തരം

ആവശ്യപ്പെടുന്നതാണ്.

കൂർള ട്രെയിനിന് പട്ടാമ്പിയിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി

67 (1041)ശ്രീ. വി.കെ ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി റെയിൽവേ സ്റ്റഷനിൽ 1 മിനിട്ട് സ്റ്റോപ്പുള്ള "രാജ് കോട്ട്, ഗാന്ധിധാം" എന്നീ ട്രെയിനുകൾക്ക് റിസർവേഷനില്ലാത്തതും, റിസർവേഷനുള്ള കൂർള ട്രെയിനിന് പട്ടാമ്പിയിൽ സ്റ്റോപ്പില്ലാത്തതും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ?

ഉത്തരം

ഉണ്ട്. 29-2-2000-ലെ 3207/ഡി2/2000/ട്രാൻ. നംപർ കത്ത് പ്രകാരം ഇക്കാര്യം റെയിൽവേ ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ട്. 16-4-2000-ൽ, ഇക്കാര്യം പരിഗണിക്കുവാൻ കേന്ദ്ര റെയിൽവേ മന്ത്രിയോട് ഗതാഗത വകുപ്പുമന്ത്രി നേരിട്ട് എഴുതുകയും ചെയ്തിട്ടുണ്ട്.

ശബരിമല തീർത്ഥാടകർക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി

68 (1042)ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ശബരിമല ദേശീയതീർത്ഥാടനകേന്ദ്രമായി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ശബരിമല തീർത്ഥാടകർക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ഗവൺമെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പമ്പാനദിയിലെ ജലമലിനീകരണം തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ശബരിമല വികസനത്തിന് പാർലമെന്റ് സമിതി തയ്യാറാക്കിയ റിപ്പോർട്ട് സംസ്ഥാന ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ഇ) ശബരിമല വികസനത്തിന് വേണ്ടി സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് ഔദ്യോഗിക അറിയിപ്പൊന്നും കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടില്ല.

(ബി) ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ദേവസ്വം ബോർഡും മറ്റ് സർക്കാർ വകുപ്പുകളും നടപടി എടുക്കുന്നുണ്ട്. ചെറിയാനവട്ടത്ത് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള നടപടികൾ ദേവസ്വം ബോർഡ് ആരംഭിച്ചുകഴിഞ്ഞു. ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പമ്പയിലും ശബരിമലയിലും ഓരോ ഇൻസിനറേറ്റുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പാർക്കിംഗ് സൗകര്യം മെച്ചപ്പെടുത്തുന്നതിനായി പമ്പയിൽ വനംവകുപ്പ് സമ്മതിച്ചിട്ടുള്ള അഞ്ച് ഹെക്ടർ സ്ഥലത്ത് അടിക്കാടുകൾ തെളിച്ച് സജീകരണങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. കുന്നാറിൽഡാം വികസിപ്പിക്കുന്നതിന് അനുവദിച്ചിട്ടുള്ള 0.2 ഹെക്ടർ സ്ഥലത്ത് തടയണകൾ നിർമ്മിച്ച് കൂടിവെള്ളശേഖരണ സംവിധാനം മെച്ചപ്പെടുത്താൻ ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുണ്ട്. വനഭൂമി ലഭ്യമാകുന്നമുറക്ക് മരകൂട്ടത്ത് വൃക്ഷങ്ങൾക്ക് കേടുപറ്റാതെ തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനുള്ള ഷെഡ്ഡുകൾ നിർമ്മിക്കാൻ ദേവസ്വം ബോർഡിന് ഉദ്ദേശമുണ്ട്. നിലക്കലിൽ ആവശ്യപ്പെട്ടിരിക്കുന്ന 50 ഏക്കർ സ്ഥലം ലഭിച്ചാൽ അതൊരു ഇടത്താവളമായി വികസിപ്പിക്കുവാൻ ദേവസ്വം ബോർഡ് ഉദ്ദേശിക്കുന്നു. കുടിവെള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന് പൂർണ്ണതോതിലുള്ള ഒരു ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുവാൻ കേരളാ വാട്ടർ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. ഇതിനാവശ്യമായ വനഭൂമി ലഭിച്ചാൽ നിർമ്മാണം ആരംഭിക്കുന്നതാണ്. പമ്പയിൽ സ്ഥിരം ചെക്ക് ഡാമുകൾ നിർമ്മിക്കുവാൻ ഇറിഗേഷൻ വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. പമ്പയിൽ 66 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് വൈദ്യുതി ബോർഡ് നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഇതുകൂടാതെ സർക്കാരിന്റെ മറ്റ് ബന്ധപ്പെട്ട വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും തീർത്ഥാടകർക്കുവേണ്ടി ചെയ്തുവരുന്ന ഏർപ്പാടുകൾ കൂടുതൽ മെച്ചപ്പെട്ടതാക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ചെറിയാനവട്ടത്ത് ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റും ചവറുകൾ സംസ്കരിക്കുന്നതിനായി ഒരു ഇൻസിനറേറ്ററും സ്ഥാപിക്കുന്നതിന് ദേവസ്വം ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പമ്പയിലും സന്നിധാനത്തിലും മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പൊല്യൂഷൻ കൺട്രോൾ ബോർഡ് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പാർലമെന്റ് സമിതിയുടെ റിപ്പോർട്ട് ലോകസഭാ സ്പീക്കർക്ക് സമർപ്പിച്ചിട്ടുണ്ട്. പമ്പയിലും സന്നിധാനത്തുമുള്ള അനധികൃത നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായ സർവെ നടത്തുക, ദീർഘകാലാടിസ്ഥാനത്തിലുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കുക, പമ്പാനദി ശുചിയാക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുക, സ്വീവേജ് പ്ലാന്റിനുള്ള 1.12 ഹെക്ടർ സ്ഥലം അനുവദിക്കുക, പാർക്കിംഗിന് അവശ്യംവേണ്ട സ്ഥലം കൂടുതൽ മരങ്ങളൊന്നും മുറിയ്ക്കാതെ അനുവദിക്കുക, ശുദ്ധജല ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുക, വണ്ടിപെരിയാർ വഴിയുള്ള റോഡ് വീതി കൂട്ടാൻ അനുവദിക്കുക തുടങ്ങിയ കാര്യങ്ങൾ നിർദ്ദേശങ്ങളായി റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ തീരുമാനങ്ങൾ നടപ്പാക്കുന്നതിന് ജില്ലാകളക്ടർ, പോലീസ്സൂപ്രണ്ട്, വനംവകുപ്പിന്റേയും ദേവസ്വം ബോർഡിന്റെയും പ്രതിനിധികൾ, ബന്ധപ്പെട്ട പഞ്ചായത്ത് അംഗങ്ങൾ എന്നിവരടങ്ങുന്ന ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്ന കാര്യവും, അപ്പാച്ചിമേട്ടിലെ കാർഡിയോളജി. സെന്ററിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യവും ചപ്പ്ചവറുകളും പ്ളാസ്റ്റിക് സാധനങ്ങളും മാറ്റി പരിസരം ശുചീകരിക്കേണ്ട കാര്യവും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഔദ്യോഗികമായ അറിയിപ്പൊന്നും ദേവസ്വം വകുപ്പിന് ലഭിച്ചിട്ടില്ല.

(ഇ) സംസ്ഥാന സർക്കാർ മാസ്റ്റർ പ്ലാൻ ഒന്നും തയ്യാറാക്കിയിട്ടില്ല. എന്നാൽ, വനഭൂമി കിട്ടുകയാണെങ്കിൽ നടപ്പിലാക്കേണ്ട കാര്യങ്ങളെക്കുറിച്ചുള്ള ഒരു രൂപരേഖ ദേവസ്വം ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ നിയമസഭയുടെ പരിസ്ഥിതി സമിതി തയ്യാറാക്കിയ മാസ്റ്റർപ്ലാനും ശുപാർശകളും സർക്കാരിന്റെ പരിശോധനയിലാണ്.

ശബരിമല ദുരന്തത്തിനിരയായവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി

69 (1043) <u>ശ്രീ. കെ.സി. വേണുഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ദുരന്തം സംബന്ധിച്ച് അന്വേഷിച്ച ജസ്റ്റീസ് ചന്ദ്രശേഖരമേനോൻ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

(ബി) റിപ്പോർട്ട് ശുപാർശകൾ എന്തൊക്കെയാണെന്നും റിപ്പോർട്ടിന് മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ദുരന്തത്തിനിരയായവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും സർക്കാർ ധനസഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly